# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5305** 23.05.2017 ലെ മറുപടിക്ക്

## വൈപ്പിൻ മണ്ഡലത്തിൽ തീരദേശ നിയന്ത്രണ നിയമങ്ങൾ മൂലമുള്ള ബുദ്ധിമുട്ടുകൾ

**ചോദ്യം**

ശ്രീ.എസ്.ശർമ്മ

കടലും കായലും തോടുകളും നെൽപ്പാടങ്ങളും ഇടകലർന്ന വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭവന നിർമ്മാണത്തിനും നിലവിലുള്ള ഭവനങ്ങൾ പുതുക്കിപ്പണിയുന്നതിനും തീരദേശ നിയന്ത്രണ നിയമങ്ങൾ ബാധകമായതിനാൽ സാധാരണക്കാർ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വെള്ളം, വൈദ്യുതി, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിനായി താൽക്കാലിക നമ്പർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ.കെ.റ്റി.ജലീൽ
(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വാസഗൃഹങ്ങൾക്ക് യു.എ. നമ്പർ നൽകി താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് അതാത് പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷനുകൾക്ക് അധികാരം നൽകി 16.11.2016 ലെ സ.ഉ.(എം.എസ്)നം.170/16/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നൽകുന്ന താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നിവയ്ക്ക് ഉപയോഗിക്കാവുന്നതാണ്.

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ അനുകൂല തീരുമാനം ലഭിക്കുന്ന മുറയ്ക്ക് അത്തരം കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ